ഉത്തരം

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 4002 പേരുടെ അപേക്ഷകളാണ് നിലവിൽ പരിഗണനയിലുള്ളത്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	47
കൊല്ലം	354
പത്തനംതിട്ട	147
ആലപ്പുഴ	239
കോട്ടയം	23
ഇടുക്കി	6
എറണാകുളം	434
തൃശൂർ	1062
പാലക്കാട്	626
മലപ്പുറം	790
കോഴിക്കോട്	98
വയനാട്	13
കണ്ണൂർ	41
കാസർഗോഡ്	122
ആകെ	4002

മൃതദേഹം അടുക്കള പൊളിച്ച് മറവു ചെയ്ത സംഭവം

218 (6923) ശ്രീമതി കെ. എസ്. സലീഖ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടയാളുടെ മൃതദേഹം സംസ്കരിക്കാൻ സമ്മതമില്ലാതെ സഹോദരിയുടെ വീടിന്റെ അടുക്കള പൊളിച്ച് മൃതദേഹം മറവുചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടുവോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഇത്തരത്തിൽ എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; ഏതെല്ലാം സ്ഥലങ്ങളിൽ ; വ്യക്തമാക്കുമോ ;

(സി) ജില്ലാ/ബ്ലോക്ക്/പഞ്ചായത്ത് ഉദ്യോഗസ്ഥർ, പട്ടികജാതി വകുപ്പു ഉദ്യോഗസ്ഥർ, ആരോഗ്യവകുപ്പു ഉദ്യോഗസ്ഥർ, പോലീസ് അധികാരികൾ

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങിയവർ പ്രസ്തുത സംഭവം അറിഞ്ഞിരുന്നോ ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കുമോ ; ഉണ്ടെങ്കിൽ ഇത്തരത്തിൽ മറവ് ചെയ്യുവാൻ ഇവർ അനുമതി നല്കിയോയെന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്ത് ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വാമനപുരം ബ്ലോക്കിലെ ശ്രീ. മഹേഷ് കുമാർ (26 വയസ്സ്) പുളിമൂട്, മൺപുറത്ത് വീട്, ഇടവം, കരിക്കകം, ഇടിഞ്ഞാർ (പി.ഒ.) എന്നയാൾ മരണപ്പെടുകയും തുടർന്ന് സംസ്കരിക്കാൻ പ്രത്യേക സ്ഥലമില്ലാത്തതിനാൽ സഹോദരിയുടെ വീടിന്റെ അടുക്കളയുടെ പുറത്തുള്ള ചായ്പിൽ മൃതദേഹം സംസ്കരിച്ചതായി അന്വേഷണത്തിൽനിന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്. ശ്രീ. മഹേഷ്കുമാറിന്റെ ഭാര്യയായ ശ്രീമതി സജിതയുടെ അപേക്ഷ പ്രകാരം ഈ കുടുംബത്തിന് 2013-14 സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം 1,50,000 രൂപ അനുവദിക്കുകയും പ്രസ്തുത തുക ഉപയോഗിച്ച് പാലോട് സബ് രജിസ്ട്രാർ ഓഫീസ് പരിധിയിൽ മൂന്ന് സെന്റ് വസ്തു വാങ്ങുകയും ചെയ്തിട്ടുണ്ട്.

(സി) തിരുവനന്തപുരം ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധനയിൽ വീടിന്റെ അടുക്കളയോടു ചേർന്നുള്ള ചായ്പിൽ മൃതദേഹം സംസ്കരിച്ചതായി കാണുകയുണ്ടായി. ആയതിന് ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ അനുമതി ആവശ്യമില്ല.

(ഡി) ശ്മശാനങ്ങൾ നിർമ്മിക്കുവാൻ സ്ഥലമുള്ള സങ്കേതങ്ങളിൽ ശ്മശാനങ്ങൾ നിർമ്മിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും ഒരു പുതിയ പദ്ധതി ഈ വർഷംമുതൽ ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

നടുക്കോളനി എസ്.സി. ശ്മശാന നവീകരണം

219 (6924) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്തിലെ നടുക്കോളനി എസ്.സി. ശ്മശാനത്തിന്റെ നവീകരണത്തിന് കോർപ്പസ് ഫണ്ടിൽനിന്നും 10 ലക്ഷം രൂപ അനുവദിച്ചിട്ടുള്ള പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly